# ആമുഖം

സെന്റ് ഇഗ്നേഷ്യസ് യുപി സ്കൂൾ പുത്തൻതോപ്പ് 75 വർഷം പിന്നിട്ടിരിക്കുകയാണ്. പുത്തൻതോപ്പ് ജയ്ഹിന്ദ് ലൈബ്രറിയുടെ വാർഷികയോഗത്തിൽ ശ്രീ പനമ്പള്ളി ഗോവിന്ദമേനോൻ പങ്കെടുക്കുകയും അദ്ദേഹത്തിന്റെ ആഭിമുഖ്യത്തിൽ ചേർന്ന യോഗത്തിൽ വച്ച് ഒരു എയ്ഡഡ് സ്കൂൾ അനുവദിച്ചതായി പ്രഖ്യാപിച്ചു. ആദ്യത്തെ പ്രഥമ അധ്യാപിക വെട്ടുതുറയിലെ ശ്രീമതി ഡോറ പി നെറ്റോ ആയിരുന്നു. ആദ്യത്തെ വിദ്യാർത്ഥിനി എൽ സി പി നെറ്റോയും ആദ്യത്തെ അധ്യാപകൻ ശ്രീ. ജനാർദ്ദനൻ നായരും ആയിരുന്നു. ഇതുവരെയും 20 പ്രഥമ അധ്യാപകർ ഈ വിദ്യാലയത്തിൽ സേവനമനുഷ്ഠിച്ചിരുന്നു. നിലവിലെ പ്രഥമ അധ്യാപിക ശ്രീമതി ശാന്തി ആർ പെരേര ആണ്.

പുതിയ പാഠ്യപദ്ധതിയുടെ ആവിഷ്കാരവും ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ കടന്നുകയറ്റവും ഈ വിദ്യാലയത്തിലെ കുട്ടികളെ എണ്ണത്തെ കാര്യമായി ബാധിക്കുകയും 2013 മുതൽ ഈ വിദ്യാലയം അൺ എക്കണോമിക്ആയി മാറുകയും ചെയ്തു ഈ വെല്ലുവിളി നേരിടുന്നതിനായി അധ്യാപകരും മാനേജ്മെന്റ് ഇടവക ജനങ്ങളും പൂർവ്വ വിദ്യാർത്ഥികളും വളരെയധികം പ്രവർത്തനങ്ങൾ നടത്തിയിരുന്നുതിന്റെ ഫലമായി, 2019 -20 അധ്യായന വർഷങ്ങളിൽ കുട്ടികളുടെ എണ്ണം 33 ൽ നിന്ന് 67 ആയി വർദ്ധിച്ചു എക്കോണമിക്കായി മാറി.

തിരുവനന്തപുരം ജില്ലയിൽ കണിയാപുരം ഉപജില്ല ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ വിദ്യാലയം 2025 26 അധ്യായന വർഷത്തിൽ അഞ്ച് അധ്യാപകരും ഒരു ഓഫീസ് അസിസ്റ്റന്റ് ഒരു പാചകക്കാരിയും 68 കുട്ടികളുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്.

75 വർഷം കടന്നിട്ടും ഈ വിദ്യാലയം ഭൗതിക സാഹചര്യത്തിന്റെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നൽകുന്നു. ഇതിനൊരു മാറ്റം ഉണ്ടാക്കുന്നതിനായി പല സംഘടനകളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും മുൻപ്രഥമ അധ്യാപകരുടെയും അധ്യാപകരുടെയും യുവജനങ്ങളുടെയും സഹായത്തോടെ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചു.

അക്കാദമികമായി ഏറ്റവും മികവ് പുലർത്തുന്ന ഒരു വിദ്യാലയമാണിത് ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് പുറമേ വിദഗ്ദരുടെ ക്ലാസുകൾ ഈ റീഡിങ് ലൈബ്രറി സൗകര്യം ദിനാചരണങ്ങളുടെ ആഘോഷം, വിവിധ പരിപാടികൾ കുട്ടികളുടെ പങ്കാളിത്തം, സ്പോർട്സ്, കൃഷി തുടങ്ങിയ വിവിധ പരിപാടികൾക്ക് പ്രാധാന്യം നൽകുന്നു.കൂടുതൽ മികവ് നേടുന്നതിനായി അധ്യാപക അനധ്യാപകർ നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

# കാഴ്ചപ്പാട്

അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി വിദ്യാഭ്യാസ വികസന സമിതി , മറ്റ് അഭ്യൂതകാംക്ഷികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുമായുള്ള യോഗങ്ങൾ കൂടുന്നതിനുള്ള തീരുമാനം കൈക്കൊണ്ടു.

ലക്ഷ്യങ്ങൾ

* കുട്ടിയെ അറിയുക.

* കുട്ടികളിൽ സമഗ്രവും ഗുണമേന്മയുള്ള സഹ വിദ്യാഭ്യാസം ഉറപ്പ് വരുത്തുക .

* ഭാഷ അടിസ്ഥാനത്തിൽ കുട്ടികളുടെ വൈവിധ്യങ്ങളായ കഴിവുകൾ വികസിപ്പിക്കുക.

* കുട്ടികളിൽ ഗണിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക .

* ശാസ്ത്ര വിഷയങ്ങളിൽ പരീക്ഷണങ്ങൾ ഏർപ്പെടുന്നതിനും പുതിയ കണ്ടുപിടുത്തങ്ങൾ ആവിഷ്കരിക്കുന്നതിനും വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുക .

* സാമൂഹികശാസ്ത്രവുമായി ബന്ധപ്പെട്ട് നമ്മുടെ രാജ്യത്തെ അറിയുക.

* ചുറ്റുമുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള പ്രാപ്തി നേടാൻ തയ്യാറാകുകയും പ്രതിസന്ധികളെ തരണം ചെയ്യാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു.

* കുടുംബപശ്ചാത്തല ത്തെക്കുറിച്ച് പഠിക്കുകയും ആവശ്യമായ ബോധവൽക്കരണം നൽകുന്നു.

* പാർട്ടി പ്രവർത്തനങ്ങളിൽ കഴിവ് വികസിപ്പിക്കുന്നു .

* ലഹരി വിരുദ്ധ മനോഭാവം വളർത്തുക.

* ശുചിത്വബോധം വളർത്തുക.

* കാർഷിക സംസ്കാരം വളർത്തുക.

* വിദ്യാലയത്തെ സമൂഹവുമായി കൂടുതൽ ബന്ധിപ്പിക്കുക.

* കായിക ക്ഷമത വർദ്ധിപ്പിക്കുക

*U P HINDI MASTER PLAN*

*ലക്ഷ്യങ്ങൾ*

*5, 6, 7 ക്ലാസ്സിൽ അക്ഷരബോധം ഉറപ്പിക്കൽ:
ഹിന്ദി അഞ്ചാം തരം മുതൽ ആരംഭിക്കുന്നതിനാൽഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക , പഠിപ്പിച്ചു എടുക്കുക.

*ഹിന്ദി വായന :

തെറ്റ് കൂടാതെ ഹിന്ദിയിൽ വായിക്കുവാനുള്ള പരിശ്രമം ചെയ്യും.

*ഹിന്ദി സംസാരം :
ഹിന്ദിയിൽ സംസാരിക്കുവാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും.

## ENGLISH

**ലക്ഷ്യങ്ങൾ**

ശരിയായ ഉച്ചാരണത്തോടെയും ഒഴുക്കോട് കൂടിയും ഇംഗ്ലീഷ് സംസാരിക്കുന്നതിനുള്ള ശേഷി കൈവരിക്കുന്നു

സിലബസ് അനുസരിച്ച് ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നു.

പരിമിതികൾ ഉള്ള കുട്ടികൾക്ക് പിന്തുണ നൽകി പരിമിതികൾ മറികടക്കുന്നതിന് സാധിക്കുന്നു

ചെറുകഥകളും കവിതകളും എഴുതുന്നതിനുള്ള പ്രാപ്തി കൈവരിക്കുന്നു.

കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു

കുട്ടികളിൽ സർഗാത്മക കഴിവുകളെ വികസിപ്പിക്കാൻ സാധിക്കുന്നു.

Activities

For identifying letters

Make alphabet cards.

For reading

Newspepers, short stories, preparing script writing, short messages, etc

Familiarize, new words and its meaning in morning assembly.

Playing English news and speeches during lunch break

സാമൂഹ്യശാസ്ത്രം

ലക്ഷ്യങ്ങൾ

1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ

2) ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക

3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക

4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങൾ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുക

5) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുക

6) ഡിജിറ്റൽ അച്ചടക്കത്തെക്കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും ലഹരിക്കെതിരെയും പ്രവർത്തിക്കുന്നതിനും ബോധവാന്മാരാക്കുന്നു

7) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു

പ്രവർത്തനങ്ങൾ

1)ലോക ഭൂപടം ,ഇന്ത്യയുടെ ഭൂപടം ,കേരളത്തിൻറെ ഭൂപടം,അറ്റ്ലസ് ഇവ പ്രദർശിപ്പിക്കുന്നു. ഐസിടി സാധ്യത ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു.

2) ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്ര അവബോധം വളർത്തുന്നു

3) ഗ്രാമസഭാ ,വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു.

4) പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു.

5) മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ നൽകി വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു.

6) സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിൻ്റെയും സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു.

7. പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തര വേളകൾ, ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു.

# ഗണിതശാസ്ത്രം

## ലക്ഷ്യങ്ങൾ

ഗണിതശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിൻറെ പൂർണ്ണതയിൽ എത്തിക്കുക.

പാഠ്യപദ്ധതി ലക്ഷ്യമാക്കുന്ന എല്ലാ ഗണിത പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും നേടുക. ഗണിത പഠനം സാമൂഹ്യവളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള മനോഭാവം വളർത്തുക. ഗണിത പഠനത്തിൽ ഐടി സാധ്യതകളും പ്രയോജനപ്പെടുത്തുക. ഗണിത പഠനശേഷി വികസിപ്പിക്കുക. ഗണിത പഠനം പെൺകുട്ടികളുടെ ഭാവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക.

സി ഡബ്ല്യു എസ് എൻ കുട്ടികളെ നേർധാരയിൽ എത്തിക്കുക. ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ഗണിത പഠനത്തെ പ്രയോജനപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

പലിശ നിരക്ക് പലിശ  എന്നിവ ബാങ്കുമായി ബന്ധപ്പെടുത്തൽ.

ഗണിതത്തിലെ എല്ലാ പ്രവർത്തനങ്ങളിലും ഐടി സാധ്യത കണ്ടെത്തുന്നു.

വിറ്റ വില ,വാങ്ങിയ വില ലാഭം, നഷ്ടം ഇവയിലൂടെ കടന്നുപോകുമ്പോൾ സാമൂഹ്യവളർച്ചയിൽ പങ്കാളികളാകുന്നു.

ഗണിതത്തിലെ വിവിധ പ്രവർത്തനങ്ങളിലൂടെ കടന്നുപോകുമ്പോൾ ഉണ്ടാകുന്ന അസമത്വം പെൺകുട്ടികളെ ബോധ്യപ്പെടുത്തി സമത്വത്തിനു വേണ്ടി പോരാടാനുള്ള അറിവ് ലഭിക്കുന്നു.

പ്രവർത്തനങ്ങൾ ലഘൂകരിച്ച് കൊടുക്കുന്നതിലൂടെ പഠന പിന്നോക്കമുള്ള കുട്ടികളെ മുൻധാരയിൽ എത്തിക്കുന്നു.

മലയാളം

ലക്ഷ്യങ്ങൾ

* ഭാഷയുടെ അടിസ്ഥാനശേഷി വികസനം ആശയ സംവാദനം.

* കുട്ടികളിൽ  അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക.

* സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുള്ള അനുകൂല മനോഭാവം വളർത്തുക വഴി കുട്ടികളിൽ സർഗ്ഗശേഷി വളർത്തൽ

* കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക.

* അവതരണ മികവ്.

പ്രവർത്തനങ്ങൾ

1. എന്റെ അവധിക്കാലം കുട്ടികൾ അവരുടെ അവധിക്കാലക്കുറുപ്പ് തയ്യാറാക്കുന്നു , അവതരിപ്പിക്കുന്നു.

2. കുട്ടികൾ തയ്യാറാക്കിയ കുറിപ്പിന്റെ പരിശോധനയിൽ അവരുടെ എഴുത്തിന്റെ ശേഷി വിലയിരുത്തുകയും മൂന്നു ഗ്രൂപ്പുകളായി തിരിച്ച് അക്ഷരങ്ങളും ചിഹ്നങ്ങളും പദങ്ങളും വാക്യങ്ങളും നിർമ്മിക്കുന്നതിലേക്ക് നയിക്കുന്നു.

3. പത്രം, മാസിക, ക്ലാസ് ലൈബ്രറി ബുക്ക് എന്നിവ എല്ലാ ദിവസ ആരംഭത്തിലും ഉച്ചഭക്ഷണത്തിനുശേഷം 15 മിനിറ്റ് എന്ന സമയക്രമത്തിൽ വായനയിലൂടെ കുട്ടികളുടെ പ്രതികരണശേഷിയും ഉച്ചാരണശുദ്ധിയും വളർത്തുകയും ചെയ്യുന്നു.

4. സാഹിത്യകാരന്മാർ എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു.

5. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ കാഴ്ച, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.

6. വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു വായിച്ച പുസ്തകങ്ങളുടെ ആസ്വാദനം മികച്ചത് അസംബ്ലിയിൽ അവതരിപ്പിക്കുന്നു കൗതുക വാർത്ത അവതരണം കവിത ആലാപനം സ്കൂളിലെ പ്രധാനപ്പെട്ട ദിവസങ്ങളുടെ കാര്യങ്ങൾ റിപ്പോർട്ട് ചെയ്ത വാർത്ത അവതരണം നടത്തുന്നു.

സംസ്കൃതം

ലക്ഷ്യങ്ങൾ

* യുപിതലത്തിൽ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ.

* അറിയാം സംസ്കൃതത്തിൽ

* വായനാലോകം

* സംസ്കൃത ഭാഷ പഠന നേട്ടം

പ്രവർത്തനങ്ങൾ

1. അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ് ക്ലാസ്സിൽ അക്ഷരമാല പ്രദർശനം, അക്ഷരമാല കളികൾ,അക്ഷരമരം നിർമ്മിക്കൽ,പാട്ടുകൾ, കഥകൾ കേൾപ്പിക്കുക.

2. ചിത്രങ്ങളുടെ പേര് പറയൽ,ചിത്രകഥകൾ,ലഘു സംഭാഷണങ്ങൾ, നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ പഠിക്കുക.

3. ക്ലബ്ബ് രൂപീകരണം പഠനോപകരണ നിർമ്മാണം

പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള പഠനോപകരണ നിർമ്മാണം പ്രത്യേക ക്ലാസുകൾ നൽകൽ ഗൃഹ സന്ദർശനം.

WPS Office

# അടിസ്ഥാന ശാസ്ത്രം

## ലക്ഷ്യങ്ങൾ

1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ

2) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക

3) ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക

4) പ്രതിഭാ ശാദികളായ വിദ്യാർത്ഥികളിൽ ഗവേഷണം വർദ്ധിപ്പിക്കുക
5) ശാസ്ത്ര പരീക്ഷണങ്ങൾ രസകരമാക്കുന്നതിന്.

## പ്രവർത്തനങ്ങൾ

1) ശാസ്ത്ര പരീക്ഷണങ്ങൾ ക്ലാസ് റൂമുകളിൽ രസകരമാക്കുന്നതിന് മൊബൈൽ ലാബ് ഉപയോഗപെടുത്താൻ.

2) ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം, ശലഭോദ്യാനം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം

3) വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം

4) നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.

5) വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു

6) ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ ഘട്ടലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.

7) ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു

8) ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്രീയ ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.

9) കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി

10) ഐസിടിയുടെ സഹായത്തോടെ ശാസ്ത്ര ബിസ്മിയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ  ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം

11) പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു.

# മെച്ചപ്പെടുത്തലുകൾ

രക്ഷകർ സമ്മേളനങ്ങളിലൂടെ ഉയർന്നുവരുന്ന ആവശ്യങ്ങളെ അടിസ്ഥാനമാക്കി നിലകൊള്ളുന്ന വിദ്യാഭ്യാസ അന്തരീക്ഷത്തിൽ മാറ്റങ്ങൾ വരുത്താൻ തീരുമാനിച്ചു പാഠ്യപദ്ധതി പ്രവർത്തനങ്ങളിൽ ഊന്നിനിന്നുകൊണ്ട് പഠനപ്രക്രിയ രസകരവും ലളിതവും ആക്കുക എന്നതായിരുന്നു ലക്ഷ്യം

## ഈസി ഇംഗ്ലീഷ്

* ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കായി ഇംഗ്ലീഷ് അസംബ്ലി ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ക്ലാസ് അടിസ്ഥാനത്തിൽ നടത്താൻ തീരുമാനിച്ചു.

* വായനാ കാർഡുകൾ ഇംഗ്ലീഷ് ഷോർട് സ്റ്റോറീസ് ഇംഗ്ലീഷ് ന്യൂസ് പേപ്പർ

തുടങ്ങിയവ വായിക്കുന്നതിനുള്ള അവസരം നൽകുന്നു.

* അസംബ്ലിയിൽ ഓരോ പുതിയ ഇംഗ്ലീഷ് വാക്കുകളും അതിന്റെ അർത്ഥവും പറയുന്നു ആഴ്ചയുടെ അവസാനത്തിൽ വാക്കുകളുടെ ഡിറ്റഷൻ നടത്താൻ തീരുമാനിച്ചു.

* ഇംഗ്ലീഷ് സുഗമമായി സംസാരിക്കുന്നതിനുള്ള സഹായകസൂചകങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുകയും അത് കുട്ടികളെ വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

## ഗണിത ചെപ്പ്

* ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനും ഗണിത ശേഷി നേരിടുന്നതിനുള്ള കഴിവുകൾ വളർത്തുന്നു.

* ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടികളെ വളർത്തുക.

* പ്രീ ടെസ്റ്റ് നടത്തി ഗണിതത്തിൽ അടിസ്ഥാന അറിവുകൾ നേടാൻ കഴിയാത്ത കുട്ടികളെ കണ്ടെത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

* ഗണിത കഥകൾ പാട്ട്

* കണക്കിലെ കളികൾ

* വിവരസാങ്കേതികവിദ്യ ഗണിത പഠനവുമായി ബന്ധിപ്പിക്കാം.

ശാസ്ത്ര കൗതുകം

* കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിനും ശാസ്ത്ര ചിന്തകൾ വളർത്തുന്നതിനും ആയി പാഠഭാഗത്തെ പരീക്ഷണങ്ങൾ മുതിർന്നവരുടെ സഹായത്തോടെ ചെയ്ത് ശാസ്ത്രക്കുറിപ്പ് തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കുകയും മറ്റു കുട്ടികൾ ശാസ്ത്രക്കുറിപ്പ് എഴുതുകയും ചെയ്യുന്നു.

* സ്കൂൾ പരിസരം ശാസ്ത്രപഠനവുമായി ബന്ധപ്പെടുത്തി ചുറ്റുമുള്ള സസ്യങ്ങളുടെ ശാസ്ത്രനാമം പരിചയപ്പെടുത്തുകയും എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു. ശാസ്ത്രജ്ഞന്മാരെ കുറിച്ചും അവരുടെ കണ്ടുപിടുത്തങ്ങളെ കുറിച്ചും മനസ്സിലാക്കി സ്കൂൾ ലൈബ്രറി പ്രയോജനപ്പെടുത്തുകയും ഓരോ ദിവസവും ഓരോ ശാസ്ത്രജ്ഞന്മാരെ ക്ലാസ്സിൽ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

* ശാസ്ത്രലോകത്തെ നേരിട്ട് കണ്ട് ബോധ്യപ്പെടുത്തുന്നതിനായി ഐഎസ്ആർഒ, സ്പേസ് സെന്റർ, പ്ലാനിറ്റോറിയം, മ്യൂസിയം എന്നിവ സന്ദർശിച്ച് സന്ദർശകക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.

മധുരം മലയാളം

* പഠന വിടവ് നികത്തുന്നതിനായി കുട്ടികൾക്ക് ഒരു പ്രീ ടെസ്റ്റ്

നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ പഠന വിടവ് ഏത് മേഖലയിലാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. വാക്കുകളിലൂടെ അക്ഷരങ്ങൾ എത്തിച്ചേരുന്നതിനായി ഓരോ വാക്കുകൾ ആവർത്തിച്ചു വരുന്ന കഥകൾ രൂപീകരിക്കുന്നു.

* രസകരമായ കഥകളിലൂടെയും പാട്ടുകളിലൂടെയും കുട്ടികളുടെയും

മലയാളത്തിലുള്ള ഇഷ്ടം വർധിപ്പിക്കുന്നു.

* ബ്ലെൻഡഡ് മെത്തേഡ് ഉപയോഗിക്കുകയും ചെയ്യുന്നു

* ബഡ്ഡി സഹായത്തിലൂടെ കുട്ടികളുടെ മികവിലേക്കു ഉയർന്നു.

ലളിതം സംസ്കൃതം

സംസ്കൃതം ലളിതവും സുന്ദരവും സരളവും ആണെന്ന് തെളിയിക്കുന്ന വീഡിയോ പ്രസന്റേഷൻ കുട്ടികൾക്ക് കാണിച്ചു നൽകുന്നതിലൂടെ സംസ്കൃതം ലളിതം ആണെന്ന് ബോധ്യപ്പെടുത്തുന്നു.

കുട്ടികൾ അക്ഷര കാർഡ് നിർമ്മിക്കുകയും അതിന്റെ മലയാളം മറുപുറത്ത് എഴുതുകയും ചെയ്യുന്നതിലൂടെ അക്ഷര ജ്ഞാനം ഉറപ്പാക്കുന്നു.

സുഭാഷിതങ്ങളും സ്വയം പരിചയപ്പെടുത്തുന്ന പദങ്ങളും സംസ്കൃതത്തിൽ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുകയും ദിവസവും ഉച്ചരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

സാമൂഹിക സൃഷ്ടി

* വ്യക്തി നന്നായാൽ കുടുംബം നന്നാവും കുടുംബം നന്നായാൽ സമൂഹം നന്നാകും എന്ന ശാശ്വത തത്വത്തെ അടിസ്ഥാനമാക്കി സ്കൂളുകളിൽ നമ്മുടെ മുന്നിലുള്ള കുട്ടികളെ നല്ല പൗരന്മാർ ആകുകയും മഹാന്മാരുടെ ആശയങ്ങൾ അസംബ്ലിയിൽ വായിക്കുകയും അതിനെ തുടർന്ന് ഒരു നോട്ട്ബുക്കിൽ എഴുതി സൂക്ഷിക്കുകയും ചെയ്യുന്നു.

* മാസത്തിന്റെ ആദ്യം ഒരു സ്റ്റേറ്റിനെ കുറിച്ച് വിവരണം നൽകുകയും മാസത്തിന്റെ അവസാനം അത് കുട്ടികൾ തന്നെ പരിശോധിക്കുകയും ചെയ്യുന്നു.

* എല്ലാ ദിവസവും പത്രം വായിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുകയും അതിലൂടെ ലഭിക്കുന്ന പൊതുവിജ്ഞാനത്തെ ക്വിസ് രൂപത്തിൽ സംഘടിപ്പിക്കുകയും ചെയ്യുന്നു.

സുരലി ഹിന്ദി

ആഴ്ചയിൽ ഒരിക്കൽ ഹിന്ദി അസംബ്ലി നടത്താൻ തീരുമാനിച്ചു.

. ഐടിയുടെ സഹായത്തോടെ ഹിന്ദിയിൽ പാട്ടുകളും കവിതകളും

അവതരിപ്പിച്ച് കുട്ടികൾക്ക് ഹിന്ദി ലളിതമാക്കാൻ ശ്രമിക്കും. ഹിന്ദി അക്ഷരങ്ങൾ കുട്ടികൾക്ക് ഓർമ്മ നൽകുന്ന രീതിയിൽ ക്ലാസ് റൂമിൽ ഹിന്ദി അക്ഷരമാല പ്രദർശിപ്പിക്കുന്നതാണ്.

. കുട്ടികൾ പഠിക്കുന്ന പുതിയ ഹിന്ദി പദപ്രയോഗങ്ങളും അതിന്റെ മലയാള അർഥവും നിഘണ്ടു രൂപത്തിൽ എഴുതി സൂക്ഷിക്കുന്നു.

. ജീവികളുടെയും സസ്യങ്ങളുടെയും പൂക്കളുടെയും പിച്ചർ ആൽബം ഉണ്ടാക്കി ക്ലാസിൽ പ്രദർശിപ്പിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്നു.